## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4778 — 21.10.2011-ൽ മറുപടിയ്ക്ക്

### നഷ്ട പരിഹാരം.

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജീവനക്കാരുടെ വീഴ്ച മൂലം ദീർഘനേരത്തേയ്ക്ക് വൈദ്യുതി വിതരണം തടസ്സപ്പെട്ടാൽ ഉപഭോക്താവിന് വൈദ്യുതി ബോർഡ് നഷ്ടപരിഹാരം നൽകണമെന്ന കേന്ദ്ര വൈദ്യുതി നിയമ പ്രകാരം കേരളത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) ലൈസൻസിയുടെ വീഴ്ചമൂലം നിശ്ചിത സമയത്തിനുള്ളിൽ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കപ്പെടാത്ത സാഹചര്യങ്ങളിലും വിവിധ സേവനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കാത്ത സാഹചര്യങ്ങളിലും പരാതിക്കാരന് നഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്ത് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 2010 ഫെബ്രുവരി 11 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടങ്ങൾ അനുസരിച്ച് വിവിധ സേവനങ്ങൾ ലഭ്യമാക്കേണ്ട സമയക്രമവും പരാതിക്കാരന് ലഭിക്കുന്ന നഷ്ടപരിഹാരവും കെ. എസ്. ഇ. ബി. യുടെ മുഴുവൻ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (ബി) ' മീറ്റർ ' തകരാറുമായി ബന്ധപ്പെട്ട് എത്ര നഷ്ടപരിഹാര കേസ്സുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) നിശ്ചിത സമയ ക്രമത്തിനുള്ളിൽ തകരാറുകൾ പരിഹരിക്കാത്തതിൻെറ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ.